# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4295

17.12.2014 ൽ മറുപടിക്ക്

### പി.എച്ച്.സി.യുടെ സേവനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) പി.എച്ച്.സി.യുടെ സേവനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) പി.എച്ച്.സി.കൾ ഗ്രാമപഞ്ചായത്തുതലത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളാണ്. സംസ്ഥാനതലത്തിലും ദേശീയതലത്തിലുമുള്ള പൊതുജനാരോഗ്യപ്രവർത്തനങ്ങളും ആരോഗ്യ കുടുംബക്ഷേമപദ്ധതികളും നടപ്പിലാക്കുക എന്നതാണ് പി.എച്ച്.സികളുടെ പ്രധാന ചുമതല. ഒബ്സർവേഷനുള്ള കിടത്തി ചികിത്സാസൗകര്യമാണ് പി.എച്ച്.സി.കളിൽ ഉദ്ദേശിച്ചിട്ടുള്ളത്. വിപുലമായ രീതിയിലുള്ള കിടത്തി ചികിത്സാസൗകര്യം പി.എച്ച്.സി.കളിൽ ലക്ഷ്യമിടുന്നില്ല. |
| (ബി) മലയോര പ്രദേശങ്ങളിലും മറ്റു സ്ഥലങ്ങളിലും നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാടിസ്ഥാനത്തിൽ പി.എച്ച്.സി.കളും സബ് സെന്ററുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) മതിയായ രീതിയിൽ ഇത്തരം സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) & (സി) ഒരു പഞ്ചായത്തിൽ ഒരു പി.എച്ച്.സി എങ്കിലും എന്നതാണ് സർക്കാർ നയം. അതനുസരിച്ച് ഒരു പി.എച്ച്.സി പോലുമില്ലാത്ത പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പുതുതായി സബ്സെന്ററുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിനാൽ സബ്സെന്ററുകൾ അനുവദിക്കണമെന്ന ആവശ്യത്തിൽ സംസ്ഥാന സർക്കാരിന് മാത്രം നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ